**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1393** **07-10-2021 - ൽ മറുപടിയ്ക്ക്**

**നോക്കുകൂലി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴില്‍ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിനുള്ള ശ്രമങ്ങള്‍ക്ക് നോക്കുകൂലി തിരിച്ചടിയാകുന്ന തരത്തിലുള്ള ഹൈക്കോടതിയുടെ നിരീക്ഷണം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ട്. |
| (ബി) | വി.എസ്.എസ്.സി.യിലേക്ക് യന്ത്രങ്ങള്‍ കൊണ്ടുവന്ന വാഹനം നോക്കുകൂലി ആവശ്യപ്പെട്ട് തടഞ്ഞ സംഭവം സംസ്ഥാനത്തിന് ദുഷ്പേര് ഉണ്ടാക്കിയതായി സര്‍ക്കാര്‍ വിലയിരുത്തിയിട്ടുണ്ടോ; എങ്കില്‍ ഇത്തരം സംഭവങ്ങള്‍ ആവര്‍ത്തിക്കാതിരിക്കാന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ബി) | തുമ്പ ഐ.എസ്.ആര്‍.ഒ./വി.എസ്.എസ്.സി യിലേയക്ക് വന്ന ഹെവി മെഷിനുകള്‍ അടങ്ങിയ ലോറി സ്ഥാപനത്തിനകത്തേക്ക് കയറ്റുന്നതിന് നോക്കുകൂലി ആവശ്യപ്പെട്ടു എന്ന വാര്‍ത്ത ശ്രദ്ധയില്‍പ്പെട്ട ഉടന്‍ തൊഴില്‍ വകുപ്പ് ഉദ്യോഗസ്ഥര്‍ സ്ഥലത്ത് നേരിട്ടെത്തി അന്വേഷണം നടത്തിയതില്‍ ഈ പ്രശ്നത്തില്‍ സ്ഥലത്തെ ചുമട്ടുതൊഴിലാളികള്‍ ആരും തന്നെ ഉള്‍പ്പെട്ടിട്ടില്ല എന്ന് ബോധ്യപ്പെട്ടു. പ്രദേശവാസികള്‍ സംഘടിതമായാണ് ഇപ്രകാരം നോക്കുകൂലി ആവശ്യപ്പെട്ട് പ്രശ്നമുണ്ടാക്കിയത്. ഇതില്‍ തൊഴില്‍ വകുപ്പിനെ കൂടാതെ പോലീസ്, സി.ഐ.എസ്.എഫ്. എന്നിവരും ഇടപെട്ട് പ്രശനങ്ങള്‍ സൃഷ്ടിച്ചവരെ കാര്യങ്ങള്‍ പറഞ്ഞ് മനസ്സിലാക്കി പ്രശ്നം പരിഹരിച്ചു. നോക്കുകൂലി വാങ്ങുന്നത് സംബന്ധിച്ച പരാതി ശ്രദ്ധയില്‍പ്പെട്ടാല്‍ ഉടന്‍ തന്നെ അസിസ്റ്റന്റ് ലേബര്‍ ഓഫിസര്‍മാര്‍, ഡെപ്യൂട്ടി ലേബര്‍ ഓഫീസര്‍മാര്‍, ജില്ലാ ലേബര്‍ ഓഫിസര്‍മാര്‍ എന്നിവര്‍ പ്രശ്നത്തില്‍ ഇടപെടുകയും അമിതമായോ അനര്‍ഹമായോ വാങ്ങിയ കൂലി തൊഴിലാളികളില്‍ നിന്നും തൊഴിലുടമയ്ക്ക് തിരികെ വാങ്ങികൊടുക്കുകയും തൊഴിലാളികളുടെ ഭാഗത്തു നിന്നും ഗുരുതരമായ ക്രമക്കേടുകള്‍ ശ്രദ്ധയില്‍പ്പെട്ടാല്‍ കേരള ചുമട്ടു തൊഴിലാളി ചട്ടം 26 എ(4)-ല്‍ അനുശാസിക്കുന്ന വിധത്തില്‍ മത്സ്യത്തൊഴിലാളികളുടെ രജിസ്ട്രേഷന്‍ കാര്‍ഡ് റദ്ദ് ചെയ്യുന്നതുള്‍പ്പെടെയുള്ള നടപടികള്‍ സ്വീകരിക്കാറുണ്ട്. കൂടാതെ തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്ന |

| | | | |
|---|---|---|---|
| | | | പരാതികൾ പോലീസിന് കൈമാറി ഉചിതമായ നിയമ നടപടി സ്വീകരിക്കുകയും ചെയ്യാറുണ്ട്. പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി സംസ്ഥാനത്തെ ചുമട്ട് തൊഴിൽ മേഖലയിലെ യൂണിയൻ പ്രതിനിധികളുടെ യോഗം വിളിക്കുകയും പ്രസ്തുത യോഗത്തിൽ ഇത്തരം പ്രവണതകൾ ഒരുതരത്തിലും അംഗീകരിക്കില്ലെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ